# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4422

22-07-2015- ൽ മറുപടിക്ക്

## മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ശിവദാസൻ നായർ | : | ശ്രീ. കെ.ബാബു |
| ശ്രീ. വി.റ്റി.ബൽറാം | : | (മത്സ്യബന്ധനവും തുറമുഖവും |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | : | എക്സൈസും വകുപ്പു മന്ത്രി) |
| ശ്രീ. ടി.എൻ.പ്രതാപൻ | : | |

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ലോകത്തിലെ കപ്പൽ വ്യവസായ ഗതാഗത മേഖലയിലെ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയും അതുവഴി കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനുമായി അന്താരാഷ്ട്ര നിലവാരമുള്ള മാരിടൈം കോഴ്സുകൾ നടത്തുക എന്നതുമാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) തുറമുഖ വകുപ്പ്, തുറമുഖ വകുപ്പിന്റെ കീഴിലുള്ള കേരള മാരിടൈം സൊസൈറ്റി, ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി, കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളിലൂടെ നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന കോഴ്സുകൾക്ക് അംഗീകാരം നൽകുന്ന ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് എന്നിവരാണ് ഇതുമായി സഹകരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ഡി) | കേരളത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനായി തുറമുഖ വകുപ്പിൻ കീഴിൽ കേരള മാരിടൈം സൊസൈറ്റി രൂപീകരിച്ചു. നീണ്ടകരയിൽ 36 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം നടന്നു വരുന്നു. കൊടുങ്ങല്ലൂരിൽ 10 കോടി രൂപ ചെലവിൽ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സബ്സെന്റർ പുതുതായി നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ